## പതിനഞ്ചാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## ബഹു സ്പീക്കറുടെ റൂളിംഗ്

03-08-2021

### (7) കോവിഡ് വാക്സിന് വകയിരുത്തിയ അധിക തുകയുടെ വിനിയോഗം

2021 ആഗസ്റ്റ് 3-ാം തീയതി ധനകാര്യത്തിനുമുമ്പായി, എല്ലാവർക്കും കോവിഡ് വാക്സിൻ സൗജന്യമായി ലഭ്യമാക്കുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ 18 വയസ്സിന് മുകളിലുള്ളവർക്ക് സൗജന്യമായി വാക്സിൻ വാങ്ങി നൽകുന്നതിനായി സർക്കാർ മാറ്റിവച്ച 1000 കോടി രൂപയുടെ വിനിയോഗത്തെ സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നതിനാൽ ഇതുസംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതിനുള്ള നിർദ്ദേശമുണ്ടാകണമെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

വാക്സിൻ സൗജന്യമായി നൽകുമെന്ന പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിനുശേഷവും ആവശ്യകതയ്ക്കനുസരിച്ച് ലഭിക്കാത്ത സാഹചര്യമാണുള്ളതെന്നും കേരളത്തിൽ കോവിഡ് വ്യാപനം ഉയരുകയും വാക്സിൻ ലഭ്യത ഇന്നത്തെ രീതിയിൽ തുടരുകയും ചെയ്താൽ സമീപഭാവിയിൽ നേരിട്ട് വിപണിയിൽനിന്ന് വാക്സിൻ വാങ്ങേണ്ട സാഹചര്യമുണ്ടായേയ്ക്കാമെന്നും ബന്ധപ്പെട്ട ശീർഷകത്തിൽ തുകയില്ലാതെ

വന്നാൽ അപ്പോൾ തുക ചെലവഴിക്കുന്നതിന് പ്രയാസം നേരിടുന്നമെന്നതിനാൽ 1000 കോടി രൂപ നിലവിൽ വകയിരുത്തിയ ശീർഷകത്തിൽത്തന്നെ നിലനിർത്തുന്നത് സംസ്ഥാന താല്പര്യത്തിന് അത്യന്താപേക്ഷിതമാണെന്നും ബഡ്ജറ്റ് മാന്വൽ അനുസരിച്ച് ഒരു സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ചെലവഴിക്കപ്പെടാത്ത തുക അന്തിമ ധനവിനിയോഗത്തിലൂടെ പുനർവിനിയോഗം ചെയ്യുകയോ റെസ്യൂം ചെയ്യുകയോ ആണ് ചെയ്യുന്നതെന്നും ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

കോവിഡ് വാക്സിൻ സൗജന്യമായി നൽകാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്ത സാഹചര്യത്തിൽ വില കൊടുത്ത് വാക്സിൻ വാങ്ങുന്നതിനായി ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയ തുക അതേ ശീർഷകത്തിൽത്തന്നെ നിലനിർത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദീകരണം തികച്ചും ഉചിതവും പ്രസക്തവുമാണ്. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.